# ഏറാമല ഗ്രാമപഞ്ചായത്താഫീസ്

ഓർക്കാട്ടേരി(പി.ഒ),കോഴിക്കോട് (ജില്ല)

**പിൻ :673501 ഫോൺ: 0496 2547047**E-mail: eramalagp@gmail.com

---

06/11/2023

TO,

ഇന്റേണല് വിജിലൻസ് ഓഫീസർ

കൺവീനര് ഉപജില്ലാസമിതി

തദ്ദേശ സ്വയം ഭരണ വകുപ്പ്

കോഴിക്കോട്

സർ,

വിഷയം: ഏറാമല ഗ്രാമപഞ്ചായത്ത് ശ്രീമതി. ചന്ദ്രിക, പുന്നോറത്ത് മീത്തൽ , ഓർക്കാട്ടേരി പി.ഒ എന്നവർ സമർപ്പിച്ച പരാതിയിൻമേലുള്ള അദാലത്ത് റിപ്പോർട്ട് സംബന്ധിച്ച്

സൂചന : അങ്ങയുടെ 03/11/2023 ലെ കത്ത്

. ഏറാമല ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽകൈനാട്ടി- കുറ്റ്യാടി സംസ്ഥാന പാതയുടെ വശത്തായി സ്ഥിതി ചെയ്യുന്ന 8/31 എ നമ്പർ വ്യാവസായിക ആവശ്യത്തിനുള്ള കെട്ടിടത്തോടനുബന്ധിച്ച് പണിത മുറിക്ക് കെട്ടിട നമ്പർ അനുവദിക്കുന്നില്ല എന്ന് കാണിച്ച് ശ്രീമതി. ചന്ദ്രിക, പുന്നോറത്ത് മീത്തൽ , ഓർക്കാട്ടേരി പി.ഒ എന്നവർ സമർപ്പിച്ച പരാതിയിൻമേലുള്ള റിപ്പോർട്ട്

മേല് വാണിജ്യാവശ്യത്തിനുള്ള കെട്ടിട മുറിയുടെ നിർമ്മാണം റഗുലറൈസ് ചെയ്യുന്നതിനായി 24.08.2022-ാം തിയ്യതി ആണ് ശ്രീമതി. ചന്ദ്രിക അപേക്ഷ നൽകിയതായി കാണുന്നത്. ആയതിൻമേല് 12.09.2022-ാം തിയ്യതി ഓവർസിയർ സൈറ്റ് പരിശോധന നടത്തുകയും അപാകതകള് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്,

ആയതിന്റെ അടിസ്ഥാനത്തില് 16.09.2022 ന് അപാകതകള് പരിഹരിക്കാന് ആവശ്യപ്പെട്ട് പഞ്ചായത്ത് ശ്രീമതി. ചന്ദ്രികക്ക് കത്ത് നൽകിയിട്ടുള്ളതാണ്. 7 അപാകതകള് പരിഹരിക്കാനാണ് പഞ്ചായത്ത് മേൽ കത്തില് ആവശ്യപ്പെട്ടിരുന്നത്. സൈറ്റിലേയും പ്ലാനിലേയും അളവുകൾ തമ്മിലുള്ള വ്യത്യാസം, പ്ലാനിൽ അളവുകൾ രേഖപ്പെടുത്തിയതിലെ അപാകതകൾ, മുറികളുടെ ഉള്ളളവുകളിലെ വ്യത്യാസം, നിലവിലുള്ള കെട്ടിടവുമായി നിശ്ചിത അകലം പാലിക്കാത്തത്, ഭിന്നശേഷിക്കാർക്കുള്ള ടോയ്ലറ്റ്, റാമ്പ്, മഴവെള്ളസംഭരണി എന്നിവ ഇല്ലാത്തത്, മലിനജല സംസ്ക്കരണ പ്ലാന്റ് രേഖപ്പെടുത്തിയതിലെ വ്യത്യാസം എന്നീ അപാകതകൾ പരിഹരിക്കുന്നതിന് കത്തിലൂടെ അപേക്ഷകയോട് ആവശ്യപ്പെട്ടിരുന്നതാണ്.

അപാകതകള് പരിഹരിക്കാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തില് 12.10.2022-ാം തിയ്യതി അപേക്ഷക അപേക്ഷ പുനസമർപ്പിക്കുകയും ആയതിൻമേല് 24.10.2022 തിയ്യതി ഓവർസിയർ വീണ്ടും സൈറ്റ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. എന്നാൽ മുന് പരിശോധനയില് കണ്ടെത്തിയ അതേ അപാകതകൾ നിലനിൽക്കുന്നതായാണ് ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. തുടർച്ചയായി തെറ്റായ രീതിയില് അപേക്ഷ സമർപ്പിച്ചതിനാല് അപേക്ഷ നിരസിക്കാവുന്നതാണെന്നും വീഴ്ച വരുത്തിയ എൽ.ബി.എസിന് നോട്ടീസ് നൽകാവുന്നതാണെന്നും ഹെഡ് ക്ളാർക്ക് ഫയലില് രേഖപ്പെടുത്തിയിരുന്നു എങ്കിലും ന്യൂനത പരിഹരിക്കുന്നതിനായി ഫയൽ വീണ്ടും തിരിച്ചയക്കുന്നതിനാണ് 29.10.2022 ന് സെക്രട്ടറി ഫയലിൽ നിർദ്ദേശം നൽകിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തില് 02.11.2022 -ാം തിയ്യതി വീണ്ടും അപാകത പരിഹരിക്കുന്നതിന് അപേക്ഷകയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിന് മറുപടി അപേക്ഷക സമർപ്പിച്ചിട്ടില്ലാത്താണ്.

അപേക്ഷകയുടെ കൈവശത്തിലുള്ള 13.8 സെന്റ് സ്ഥലത്ത് നിയമാനുസൃത സെറ്റ്ബേക്ക് നിബന്ധനകൾ പാലിക്കാതെയാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. നിലവിലുള്ള കാര് വാഷിങ്ങ് സെന്ററായി ഉപയോഗിക്കുന്ന കെട്ടിടത്തിന്റെ ഫ്രന്റ് യാർഡില് ഇടത് ഭാഗത്തായിട്ടാണ് ഏതാണ്ട് 5 സ്ക്വയര് മീറ്റര് വിസ്തീർണ്ണത്തിലുള്ള കെട്ടിടം സ്ഥിതി ചെയ്യുന്നത്. നിലവിലുള്ള കെട്ടിടവുമായി കേവലം 1.20 മീറ്റർ അകലം മാത്രമാണ് പാലിക്കുന്നത്. കൂടാതെ നിലവിലുള്ള കെട്ടിടത്തിൽ നിന്നും സംസ്ഥാന പാതയോട് ചേരുന്നിടം വരെ മുന്ഭാഗത്ത് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര സ്ഥാപിച്ചതിനാൽ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 220(ബി) ലംഘനവും നടന്നതായി കാണുന്നു. ഇതേപോലെ കെട്ടിടത്തിന്റെ പിൻഭാഗത്ത് പ്ളോട്ട് അതിർത്തിവരെ കോൺക്രീറ്റ് മേൽക്കൂര അധിക നിർമ്മാണം നടത്തി ബന്ധിപ്പിച്ചതായും കാണുന്നു.

ഇക്കാരണത്താൽ പിൻഭാഗത്ത് വേണ്ടസെറ്റ്ബാക്കും ലഭ്യമല്ല. നിയമാനുസൃത മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 26(4) പട്ടിക 4, 23(1), 26(10), 26(5), 76(1),(2) എന്നീ ചട്ടലംഘനങ്ങൾ നിലനിൽക്കുന്നതായി പരിശോധനയില് ബോധ്യപ്പെട്ടിട്ടുണ്ട്.മേൽ വിവരം റപ്പോർട്ടി ചെയ്യുകോളളുന്നു..

വിശ്വസ്തതയോടെ

for സക്രട്ടറി
ഏറാമല ഗ്രാമപഞ്ചായത്ത്

SECRETARY
ERAMALA GRAMA PANCHAYAT
P.O. ORKATTERI - 673 501
PH: 0496 - 2547047

ൈ